**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5247** **21-07-2022 - ൽ മറുപടിയ്ക്ക്**

**മാർക്ക് വർദ്ധിപ്പിച്ച് നൽകിയതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവ്വകലാശാലയുടെ വിമൻസ് സ്റ്റഡീസ് വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസറായി താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന വ്യക്തിക്ക് 2009-ലെ എം.എ. പരീക്ഷയിൽ ലഭിച്ച മാർക്കിൽ വർഷങ്ങൾക്ക് ശേഷം വർദ്ധനവ് വരുത്തി നൽകിയോ; എങ്കിൽ അപ്രകാരം നല്കാൻ കാരണം എന്താണെന്ന് അറിയിക്കാമോ; | (എ) | 2009 ലെ എം.എ. പരീക്ഷയിൽ ഇന്റേണൽ മാർക്കിൽ വർദ്ധനവ് വരുത്തിനല്കിയിട്ടുണ്ട്. കാരണം, 01.03.2010 തീയതിയിൽ ഉള്ള U.O.No.SW(3)/GC/2010 പ്രകാരം ആ ഉത്തരവിൽ പറയുന്നത് താഴെ കൊടുത്തിരിക്കുന്നു:<br><br>*"As the attendance of the students was not recorded systematically, the component of internal marks awarded based on the weightage of attendance should be even for all the students during the third & fourth semester".*<br><br>മേൽ പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് മേധാവി തിരുത്തിയ ഇന്റേണൽ മാർക്ക് സമർപ്പിക്കുകയും വൈസ് ചാൻസിലർ 24.01.2018 ന് അത് അംഗീകരിക്കുകയും ചെയ്തു. |
| (ബി) | യൂണിവേഴ്സിറ്റി വിദ്യാർത്ഥിയുടെ ഹാജരിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഇന്റേണൽ മാർക്കിൽ വ്യത്യാസം വരുത്താൻ യൂണിവേഴ്സിറ്റി റെഗുലേഷനിൽ വ്യവസ്ഥ ഉണ്ടോ; | (ബി) | ഹാജരിന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഇന്റേണൽ മാർക്കിൽ വ്യത്യാസം വരുത്താൻ കാലിക്കറ്റ് സർവ്വകലാശാലയുടെ റെഗുലേഷനുകളിൽ വ്യവസ്ഥയില്ല. |
| (സി) | പ്രസ്തുത വ്യക്തിക്ക് പരീക്ഷ എഴുതുന്നതിന് മതിയായ ഹാജർ ഇല്ലാത്തതുകൊണ്ട് മിനിമം ഹാജരിൽ പ്രത്യേക ഇളവ് അനുവദിച്ചിരുന്നോ; മുഴുവൻ ഹാജരുള്ളവർക്ക് മാത്രം നൽകുന്ന മാർക്ക്,അറ്റൻഡൻസ് ഇളവ് ലഭിച്ച വിദ്യാർത്ഥിക്ക് വർദ്ധിപ്പിച്ചു നൽകാനുള്ള കാരണം വ്യക്തമാക്കാമോ; ആരാണ് മാർക്ക് കൂട്ടി നൽകിയതെന്ന് വ്യക്തമാക്കുമോ; | (സി) | SW/3/GC/2010 എന്ന നമ്പറിലുള്ള യൂണിവേഴ്സിറ്റി ഉത്തരവ് പ്രകാരം, കുട്ടികളുടെ ഹാജർ ചിട്ടയായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ മൂന്ന്, നാല് സെമസ്റ്ററുകളിലെ എല്ലാ കുട്ടികൾക്കും ഒരേപോലെ ഹാജർ വെയിറ്റേജ് നൽകി ഇന്റേണൽ മാർക്കിന് പരിഗണിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്റേണൽ മാർക്ക് നവീകരിക്കാൻ 20.01.2018 തീയതിയിലെ 3524/PG-II-ASST-1/2018/PB എന്ന നമ്പരിലുള്ള പരീക്ഷ കൺട്രോളറുടെ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | അസിസ്റ്റന്റ് പ്രൊഫസറായി നിയമിച്ചിട്ടുള്ള ടിയാൾ | (ഡി) | അസിസ്റ്റന്റ് പ്രൊഫസറായി നിയമിച്ച ആരെങ്കിലും |

| | | | |
|---|---|---|---|
| | ഒരു രാഷ്ട്രീയ കക്ഷിയുടെ ബ്രാഞ്ച് സെക്രട്ടറിയായി പ്രവർത്തിക്കുന്നത് സർവ്വകലാശാല ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് സർവ്വീസ് ചട്ട പ്രകാരം നിയമവിധേയമാണോ; അന്വേഷിച്ച് നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ? | | രാഷ്ട്രീയ കക്ഷിയുടെ ബ്രാഞ്ച് സെക്രട്ടറിയായി പ്രവർത്തിക്കുന്നതായി അറിയില്ല, |

സെക്ഷൻ ഓഫീസർ